നം.കെ.എസ്.എ-കെ.ടി.എം.പി.13/4/2017 തീയതി : 10.01.2017

# കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.6.16 മുതൽ 24.12.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 16.6.16 മുതൽ 24.12.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.12.2016 മുതൽ 31.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സിനിമോൾ, തടത്തിൽ<br>ശ്രീ.കെ.എസ്.രാജു | 1.4.2015 മുതൽ 31,10.2015 വരെ<br>12.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.സെൻകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സജു പി.കുര്യാക്കോസ്. | 1.4.2015 മുതൽ 31.3.2016 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിജുകുമാർ | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.നെൽസൺ മാത്യു | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.അജേഷ് വി. | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജയചന്ദ്രൻ കെ.സി. | 1.4.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മറിയാമ്മ കെ.എ.<br>ശ്രീമതി ഗീത പി.കെ.<br>ശ്രീമതി ഷിബുമോൾ മോഹനൻ<br>ശ്രീമതി ബിന്ദു | 1.4.15 മുതൽ 10.8.15 വരെ<br>11.8.15 മുതൽ 31.12.15 F.N വരെ<br>31.12.15 A.N മുതൽ 20.3.16 F.N.വരെ<br>20.3.16 A.N മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | ഡോ.മായ എൻ. | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ശശികല പി.ആർ.<br>ശ്രീ.അനിൽ ഡി.ജെ. | 1.4.15 മുതൽ 18.5.15 F.N വരെ<br>18.5.15 A.N മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാജിഹാൻ കെ.എച്ച്. | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ധന്യ പ്രസാദ്<br>ഡോ.അരുൺരാജ് കെ.<br>ഡോ.അരുണ പാർവതി | 1.4.15 മുതൽ 25.9.15 വരെ<br>26.9.15 മുതൽ 20.1.16വരെ<br>21.1.16 മുതൽ 31.3.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തുനികുതി-200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചില്ല |
| 2-2-2 | 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചില്ല |
| 2-2-3 | പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടം റിസോർട്ടായി പ്രവർത്തിക്കുന്നു |
| 2-2-4 | നികുതി നിർണ്ണയം നടത്തിയതിന് ശേഷം അനധികൃത നിർമ്മാണം നടത്തി |
| 2-3-1 | തൊഴിൽനികുതി-സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത് |
| 2-3-2 | വിമുക്തഭടനെ തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവാക്കിയത് |
| 2-3-3 | ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തത് സംബന്ധിച്ച് |
| 2-3-4 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് |
| 2-3-5 | തൊഴിൽനികുതി കുറവായി ഈടാക്കിയത് |
| 2-4-1 | ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് |
| 2-4-2 | മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് |
| 2-4-3 | ഡി&ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 2-5 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലനടപടികൾ അപാകതകൾ |
| 2-6 | കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസ് 2011 സംബന്ധിച്ച് |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല |
| 3-2 | റോഡ് ടാറിംഗ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല |
| 3-3 | പഞ്ചായത്ത് ഓഫീസിൽ ടോയ്‌ലറ്റ് നിർമ്മാണം-71056 രൂപയുടെ പാഴ്ചെലവ് |
| 3-4 | അങ്കണവാടി കെട്ടിടനിർമ്മാണം – നിർവ്വഹണത്തിലെ അപാകതകൾ |
| 3-5 | പാലിയേറ്റീവ് പരിചരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 3-6 | ഹോമിയോ ആശുപത്രി-മരുന്ന് ലഭ്യമായില്ല |

| | |
|---|---|
| 3-7 | നികുതി കോംമ്പൗണ്ട് ചെയ്യൽ-നിർദ്ദിഷ്ട ഫോമിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല |
| 3-8 | ആശ്രയ പദ്ധതി-വികസന ഫണ്ട് വിഹിതം അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-9 | ഇ.എം.എസ്.ഭവന പദ്ധതി-വീടുകൾ പൂർത്തിയാക്കാത്തത് |
| 3-10 | പദ്ധതി മോണിറ്ററിംഗ്-കാര്യക്ഷമമാകുന്നില്ല |
| 3-11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |


# ഭാഗം 1

## <u>പൊതു അവലോകനം</u>

### 1-1 <u>ബജറ്റ്</u>

2015-16 വർഷത്തെ ബജറ്റ് 23.3.2015 തീയതിയിലെ 1-ാം തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 2,51,31,852 |
| വരവ് | 20,61,12,127 |

| | |
|---|---|
| ആകെ | 2,31,24,33,979 |
| ചെലവ് | 20,22,13,213 |
| നീക്കിയിരിപ്പ് | 2,90,30,766 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 22.6.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,61,64,723.06 |
| വരവ് | 6,77,66,536 |
| ആകെ | 11,39,31,259.067 |
| ചെലവ് | 8,62,73,029 |
| നീക്കിയിരുപ്പ് | 2,76,58,230.06 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ട്രാൻസർഫർ ക്രെഡിറ്റ് ചെയ്തത് | ചെലവ് | ആകെ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 52,94,819 | 47,30,961 | 2,31,32,588 | 1,31,06,808 (മറ്റുള്ള ഫണ്ടിൽ നിന്നും ലഭിച്ചത്) | 2,31,32,588 | 2,31,32,588 | 0 |
| വികസനഫണ്ട് എസ്.സി.പി. | 57,82,068 | 67,06,190 | 1,24,88,258 | 16,87,918 (VPFA1ലേക്ക് ട്രാൻസ്ഫർ ചെയ്തത്) | 1,08,00,340 | 1,24,88,258 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 26,67,752 | 29,23,500 | 55,91,252 | 10,44,732 | 45,46,520 | 55,91,252 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 6,11,109 | 59,19,734 | 1,00,82,537 | | 1,00,82,537 | 10,08,2537 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 23,06,901 | 12,44,793 | | | | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 42,38,497 | 80,00,858 | 1,22,39,355 | 51,12,124 | 71,27,231 | 1,22,39,355 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 71,60,037 | 48,56,188 | 1,20,16,225 | 52,62,034 | 67,54,191 | 1,20,16,225 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 11,11,03,828 | 191 | 6,81,80,351 | 24 | 116 | 50.45% |

പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കിയ, ഗ്രാമപഞ്ചായത്തിന്റെ 30.5.16ലെ 2-)ം നമ്പർ തീരുമാനത്തിലൂടെ അംഗീകരിച്ച 2015-16 വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.6.2016 ലെ 490/15 /DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ നേട്ട കോട്ട വിശകലനങ്ങൾ ചുവടെ ചേർക്കുന്നു.

നേട്ടങ്ങൾ

ഉല്പാദനമേഖലയിൽ കാലിത്തീറ്റ വിതരണം, മുട്ടക്കോഴി വിതരണം, വനിതകൾക്ക് പശുവളർത്തൽ, കാലിത്തൊഴുത്ത് നിർമാണം, പച്ചക്കറി തൈവിതരണം, ജലസേചന പമ്പ്സെറ്റ്, ജാതി തൈവിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയതിലൂടെ കാർഷിക മൃഗപരിപാലന ക്ഷീരവികസന മേഖലകളിൽ ഉല്പാദനവർധനവും അതുവഴി നിരവധിയാളുകളുടെ സാമ്പത്തിക-ജീവിതനിലവാര ഉയർച്ചയും ഉണ്ടായി. കൂടാതെ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ എന്ന പ്രോജക്ട് പ്രസ്തുത കുടുംബങ്ങളുടെ സാമ്പത്തിക പുരോഗതിക്ക് സഹായകമായി.

അങ്കണവാടിപോഷകാഹാരം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, വിവിധ ജനവിഭാഗങ്ങൾക്ക് ഭവനനിർമാണം, പാലിയേറ്റീവ് പരിചരണം, ആയുർവേദ,ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, വീടുകളുടെ പുനരുദ്ധാരണം, അങ്കണവാടികളുടെ മെയിന്റനൻസ്, കുട്ടികൾക്ക് പഠനോപകരണം, വിവാഹധനസഹായം തുടങ്ങിയ സേവനമേഖലയിലെ പ്രോജക്ടുകളിലൂടെ ദുർബല ജനവിഭാഗങ്ങളുൾപ്പെടെയുള്ള വലിയവിഭാഗം ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.

അനവധി റോഡുകളുടെ ടാറിംഗ്, കോൺക്രീറ്റിംഗ്, റോഡുകളുടെ സംരക്ഷണഭിത്തിനിർമാണം, വെയ്റ്റിംഗ് ഷെഡ്ഡുകളുടെ പരിഷ്കരണം, പട്ടികജാതി കോളനികളിൽ റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളിലൂടെ പഞ്ചായത്തിലെ ദുർഘടമായ പ്രദേശങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുകയും പ്രസ്തുത പ്രദേശങ്ങളുടെ വികസനത്തെ സഹായിക്കുകയും ചെയ്തു.

പഞ്ചായത്ത് ഓഫീസ് വിപുലീകരണം എന്ന പ്രോജക്ടിലൂടെ 39,11,405 രൂപ ചെലവഴിച്ച് ആധുനികരീതിയിൽ കെട്ടിടം നിർമിച്ചതും, ടി കെട്ടിടത്തിന് 11,58,233 രൂപ ചെലവഴിച്ച് ഫർണിച്ചർ സ്ഥാപിച്ചതുമാണ് 2015-16 ൽ നടപ്പാക്കിയ ഏറ്റവും വലിയ പ്രോജക്ടുകൾ.

കോട്ടങ്ങൾ

അംഗീകാരം ലഭിച്ചതിൽ 50% പ്രോജക്ടുകൾ മാത്രമെ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വൈവിദ്ധ്യമില്ലായ്മയാണ് മറ്റൊരു അപാകത.

ഫ്രണ്ട് ഓഫീസിലേക്ക് എൽ.സി.ഡി റ്റി.വി, വാട്ടർകൂളർ, ടോക്കൺസിസ്റ്റം, ടച്ച് സ്ക്രീൻ, എ.റ്റി.എം മഷീൻ, ടെല്ലിംഗ് മെഷീൻ, ഹൈസ്പീഡ് സ്കാനർ ഇന്റർകോം സിസ്റ്റം എന്നിവ 399040/ രൂപ ചെലവഴിച്ച് വാങ്ങിയെങ്കിലും നാളിതുവരെ സ്ഥാപിക്കാത്തതിലൂടെ പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തിയുണ്ടായില്ലെന്ന് മാത്രമല്ല ടി ഉപകരണങ്ങളുടെ വാറണ്ടികാലാവധി കഴിഞ്ഞുപോകുന്നതിനുള്ള സാദ്ധ്യതയും നിലനിൽക്കുന്നുണ്ട്.

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് തുക അടച്ചുവെങ്കിലും 2014-15 ൽ അടച്ചതുൾപ്പെടെയുള്ള തുകയുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

റോഡുകളുടെ മെറ്റലിംഗിന് മാത്രമായി പ്രോജക്ട് നടപ്പാക്കിയതിലൂടെ ടി മെറ്റലുകൾ ഇളകിനശിച്ച് ടാറിംഗിന് മുൻപായി വീണ്ടും മെറ്റലിംഗ് നടത്തേണ്ടി വരുന്നതിലൂടെ തുകയുടെ പാഴ്ച്ചെലവിന് സാധ്യതയുണ്ട്.

ലഭ്യമാകുന്ന ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിനാൽ പല പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനും പ്രോജക്ടിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും സാധിക്കുന്നില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 71,26,299 | 57,98,626 | 13,27,673 | -18.6 |
| നികുതിയേതര വരവുകൾ | 50,43,281 | 51,06,625 | 63,344 | +1.25 |
| മറ്റുവരവുകൾ | 4,26,419 | 3,04,441 | 1,21,978 | -28.6 |
| ആകെ | 1,25,95,999 | 1,12,09,692 | 13,86,307 | -11 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,29,120 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 11,29,050 | 137 |
| വിധവാപെൻഷൻ | 1,12,04,760 | 1106 |
| വാർദ്ധക്യകാലപെൻഷൻ | 1,22,71,260 | 1817 |
| വികലാംഗപെൻഷൻ | 37,37,445 | 376 |
| 50 വയസ്സിന് മേലുള്ള അവിവാഹിതപെൻഷൻ | 4,76,680 | 48 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-12-2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62969 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം 2015-16 ൽ പൊതുവേ മെച്ചപ്പെട്ടിരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഫ്രണ്ട് ഓഫിസ് പ്രവർത്തനം, വിവിധ കമ്മിറ്റി യോഗനടപടികൾ, മിനിറ്റ്സ് ബുക്കുകളുടെ സൂക്ഷിപ്പ്, വിവിധ ഓഫീസ് സെക്ഷനുകളിലെ രജിസ്റ്ററുകൾ, രേഖകൾ, വൗച്ചറുകൾ എന്നിവയുടെ പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുകയുണ്ടായി.
വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വർഷം തിരിച്ചുള്ള കെട്ടിടനികുതി നിർണ്ണയവിവരങ്ങൾ പരിശോധിക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. മാലിന്യസംസ്കരണത്തിനായി തനതുഫണ്ടിൽ നിന്നും ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത് യഥാർത്ഥ വസ്തുതകളുമായി പൊരുത്തപ്പെടുന്നതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുശ്മശാനത്തിലെ ആവശ്യത്തിലേക്കായി ഗ്യാസ്, ജനറേറ്ററിന് ഡീസൽ, പഞ്ചായത്ത് ആഫീസിലെ ജനറേറ്ററിന് ഡീസൽ എന്നിവയ്ക്കായി മാസം തോറും ഗണ്യമായ തുകയുടെ ചെലവ് വരുന്നുണ്ട്. എന്നാൽ ഗ്യാസ്,ഡീസൽ എന്നിവയുടെ വരവ്, ഉപയോഗം എന്നിവ സംബന്ധിച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഗ്യാസ്,ഡീസൽ എന്നിവയുടെ വരവ്, വിനിയോഗം, നീക്കിബാക്കി എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല തെരുവ് വിളക്കുകൾ, പൊതുടാപ്പുകൾ എന്നിവയുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കാലികമായി എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
ആഭ്യന്തരനിയന്ത്രണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11,12.7.16 | 6/16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/12 | 2008-09 – 2011-12 | 4.6.12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1.എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് I -6 ഷെഡ്യൂൾ പ്രകാരം 1,47,12,081 രൂപ മാത്രമാണ്. എന്നാൽ യഥാർത്ഥ വരവ് 1,54,16,538 രൂപയാണ്.

2.ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 2-2-1 വസ്തുനികുതി-200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന

## നിരക്കിൽ നികുതി നിർണ്ണയിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/11 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 200 മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 70 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 01.12.11-ലെ 1-(2) നമ്പർ തീരുമാനം). എന്നാൽ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഏതാനും കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 200 ച.മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമായ 50 രൂപ, 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമായ 40 രൂപ, എന്നീ നിരക്കുകളിൽ നികുതി കണക്കാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗം | തറ വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച നികുതി വർദ്ധന/ ഇളവ് ഉൾപ്പടെ (രൂപ) | നിർണ്ണയിക്കേണ്ട നികുതി വർദ്ധന/ ഇളവ് ഉൾപ്പടെ (രൂപ) | കുറവ് |
|---|---|---|---|---|---|---|
| 1 | 11/543മുതൽ 547 വരെയും, 547m, 547D, 547D1, 547E1, 547J, 547E, ഡോ.ഷെറി എം.ജോസഫ്, മൂലയിൽ | വാണിജ്യാവശ്യം | 359.583 | 18490/ 20% വർദ്ധനവ് ഉൾപ്പടെ | 30205/ 20% വർദ്ധനവ് ഉൾപ്പടെ | 11715 |
| 2 | 11/547A,B,C,F,G,H,N ശ്രീ.ജോസ് എം.ജോസഫ്, മൂലയിൽ | വാണിജ്യാവശ്യം | 349.13 | 19717/ 20% വർദ്ധനവ് ഉൾപ്പടെ | 29327 20% വർദ്ധനവ് ഉൾപ്പടെ | 9610 |
| 3 | 11/709A,J, K,L, M,N, O,P,R,S,T,I / ശ്രീ.സക്കീർ ഹുസൈൻ, കട്ടപ്പാറ | വാണിജ്യാവശ്യം | 375.75 | 18037/20% വർദ്ധനവ് ഉൾപ്പടെ | 31564 20% വർദ്ധനവ് ഉൾപ്പടെ | 13527 |
| 4 | 111/179, 179A, C1, C2, C3, C4, C5, C6, D1,D2, D3, D4, D5,D6, ശ്രീ.റ്റി.എ. സാദിക്ക് ഖാൻ ക്രസന്റ് വില്ല | വാണിജ്യാവശ്യം | 207 | 11988 10% വർദ്ധനവ് ഉൾപ്പടെ | 15939/ 10% വർദ്ധനവ് ഉൾപ്പടെ | 3951 |
| 5 | 111/ 374, 387A, B,C, D/ ശ്രീ.നാസ്സർ ബി.ഇസ്മായിൽ, ബംഗ്ലാവ്പറമ്പിൽ | വാണിജ്യാവശ്യം | 209.18 | 8450/ 10% ഇളവ് ഉൾപ്പടെ | 13179 10% ഇളവ് ഉൾപ്പടെ | 4729 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 111/ 914A, B,C, D,E,F, G,H,I,J,K,L, നസ്സിയ നാസ്സർ ബംഗ്ലാവുപറമ്പിൽ | വാണിജ്യാവശ്യം | 430.33 | 23175<br>10% വർദ്ധനവ് ഉൾപ്പടെ | 33135<br>10% വർദ്ധനവ് ഉൾപ്പടെ | 9960 |
| 7 | 111/ 1008A, B,C,D,E, F, G, ശ്രീ.ബിനു വർഗീസ്, കോഴികൊത്തിയിൽ | വാണിജ്യാവശ്യം | 346.64 | 18509/<br>20% വർദ്ധനവ് ഉൾപ്പടെ | 29118/<br>20% വർദ്ധനവ് ഉൾപ്പടെ | 10609 |
| 8 | XX- 389A, 389B, ശ്രീ.സബീർ മുഹമ്മദ്, പടിഞ്ഞാറ്റിൽ | വാണിജ്യാവശ്യം | 578 | 30348/<br>20% വർദ്ധനവ് ഉൾപ്പടെ | 48552/<br>20% വർദ്ധനവ് ഉൾപ്പടെ | 18204 |
| 9 | V/ 89B,C,D ശ്രീ.വിനു പി. വിദ്യാധരൻ, വിസ്മയം | വാണിജ്യാവശ്യം | 634.1 | 45949/<br>20% വർദ്ധനവ് ഉൾപ്പടെ | 53264/<br>20% വർദ്ധനവ് ഉൾപ്പടെ | 4501 (നിലകളുടെ അടിസ്ഥാനത്തിലുള്ള ഇളവ് കുറച്ച്) |
| 10 | V/ 90A,B,C,D,E, F,G, H, I,J,K,L,M,N, ശ്രീ.സിജോ സെബാസ്റ്റ്യൻ പറയരുപറമ്പിൽ | വാണിജ്യാവശ്യം | 432.71 | 20778/<br>20% വർദ്ധനവ് ഉൾപ്പടെ | 36348/<br>20% വർദ്ധനവ് ഉൾപ്പടെ | 15570 |
| 11 | X1X/432A, 432B1, 432C,E,F,G,H,I,J,K,L,M,P, N, O,Q- ശ്രീ.സെബാസ്റ്റ്യൻ ജയിംസ്, മറ്റത്തിൽ | വാണിജ്യാവശ്യം | 2295.34 | 175895/<br>20% വർദ്ധനവ് ഉൾപ്പടെ | 192809/<br>20% വർദ്ധനവ് ഉൾപ്പടെ | 16914 |
| | ആകെ | | | | | 119290 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-14ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി പരിഷ്കരിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2-2 100/ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.(പഞ്ചായത്ത് കമ്മറ്റിയുടെ 1.12.11-ലെ 1(2)- നമ്പർ തീരുമാനം എന്നാൽ പഞ്ചായത്ത് നികുതി നിർണയം നടത്തിയ 100/ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള താഴെ പറയുന്ന കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 40 രൂപ നിരക്കിൽ മാത്രമാണ് നികുതി ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ വിവരം | കെട്ടിടത്തിന്റെ ഉപയോഗ വിവരം | തറ വിസ്തീർണം ചതുരശ്ര മീറ്റർ | നിർണയിച്ചനികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ | നിർണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (50&ച.മീറ്ററിന്) | കുറവ് |
|---|---|---|---|---|---|---|---|
| 21നെൻമേനി | 664/A | ജിനോ സെബാസ്റ്റ്യൻ മുതലായവർ, കുടകശ്ശേരിയിൽ വള്ളിയാലിൽ | വാണിജ്യാവശ്യം | 160 | 6400+ (20% വർദ്ധനവ്) 1280=7680 | 8000+ (20% വർദ്ധനവ്) 1600=9600 | 1920 |
| ആകെ | | | | | | | 1920 |

നികുതി കുറഞ്ഞ നിരക്കിൽ നിർണയിച്ചതിനാൽ 1920 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-17ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2-3 പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടം റിസോർട്ടായി പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ വാർഡ് XV11ലെ 8-ാം നമ്പർ കെട്ടിടം ശ്രീമതി മാധവിയമ്മ, ഹാപ്പിവില്ലവട്ടക്കാവ് എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതും പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതുമാണ്. നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം ച.മീറ്ററിൽ | ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച നിരക്ക് | നിർണ്ണയിച്ച നികുതി | അനുവദനീയമായ ഇളവ് | അനുവദനീയമായ വർദ്ധനവ് | ഇളവ്/ വർദ്ധനവിന് ശേഷം നികുതി |
|---|---|---|---|---|---|
| 525 | 6 | 3150 | 70% 2205 | 35% 1103 | 2048 |

2015-16 ൽ A5-502/15-16 നമ്പരായി 13.10.15 ൽ ശ്രീ.ഗിരീഷ് ലാൽ ഹാപ്പിവില്ല എന്നയാൾക്ക് കനകക്കുന്ന് റിസോർട്ട് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത് വാർഡ് XV11ലെ 8-ാം നമ്പർ കെട്ടിടത്തിനാണ്. ഇത് സംബന്ധിച്ച് 30.12.16 ൽ പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രീമതി മാധവിയമ്മയുടെ പേരിൽ വാസഗൃഹത്തിന് നികുതി നിർണ്ണയം നടത്തിയ വാർഡ് XV11ലെ 8ാം നമ്പർ കെട്ടിടത്തിലാണ് റിസോർട്ട് പ്രവർത്തിക്കുന്നത് എന്ന് കണ്ടു. ടി റിസോർട്ട് ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതുമാണ്. 2014-15 ലും ടി സ്ഥാപനം A5-50/14-15/ 27.3.14 നമ്പരായി ലൈസൻസ് നേടിയിരുന്നു.

ബഹു.കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.1.11.ലെ സ.ഉ.(അ) 19/11, 20/11ത.സ്വ.ഭ.വ. വിജ്ഞാപനപ്രകാരം മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് കമ്മറ്റി 1.12.11ലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച്

പുറപ്പെടുവിച്ചിട്ടുള്ള അന്തിമ വിജ്ഞാപനപ്രകാരം റിസോർട്ടുകൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 80 രൂപയാണ്. ഇത് പ്രകാരം മേൽ പ്രസ്താവിച്ച കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തിയാൽ ലഭിക്കേണ്ട നികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിസ്തീർണ്ണം ച.മീറ്ററിൽ | ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചാൽ നിരക്ക് | നിർണ്ണയിച്ചാൽ നികുതി | അനുവദനീയമായ ഇളവ് | അനുവദനീയമായ വർദ്ധനവ് | ഇളവ്/ വർദ്ധനവിന് ശേഷം നികുതി |
|---|---|---|---|---|---|
| 525 | 80 | 42000 | (-70% ) 29400 | (+35%) 14700 | 27700 |

മേൽ പ്രസ്താവിച്ച പ്രകാരം ഉപയോഗക്രമം തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാൽ 25652 (27700- 2048 ഈടാക്കിയ നികുതി) രൂപയുടെ നഷ്ടം തൻവർഷം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-15ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി പുനർനിർണ്ണയിച്ച് 2013-14 വർഷം മുതൽ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് നികുതി നഷ്ടം ഈടാക്കാത്ത പക്ഷം ആയത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

## 2-2-4 നികുതി നിർണ്ണയം നടത്തിയതിനു ശേഷം അനധികൃത നിർമ്മാണം നടത്തി

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ Vാം വാർഡിൽ (മൈക്കോളജി) ശ്രീ.വിനു പി. വിദ്യാധരൻ, വിസ്മയം (പാറയിൽ) എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടം 26.10.15ൽ വാണിജ്യാവശ്യത്തിനായി വസ്തു നികുതി നിർണ്ണയം നടത്തിയിരുന്നു. ഇതനുസരിച്ച് 187.68 ച.മീറ്റർ വിസ്തീർണ്ണമുള്ള താഴത്തെ നിലയ്ക്ക് V/89B എന്നും, 223.22 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒന്നാം നിലയ്ക്ക് V/89C എന്നും 223.22 ച.മീറ്റർ വിസ്തീർണ്ണമുള്ള രണ്ടാം നിലയ്ക്ക് VI89D എന്നും നമ്പരുകൾ അനുവദിച്ചിരുന്നു. ഇതനുസരിച്ചിട്ടുള്ള പ്ലാനാണ് കെട്ടിട ഉടമ പഞ്ചായത്തിൽ പെർമിറ്റിനായി സമർപ്പിച്ചിരുന്നത്. എന്നാൽ മേൽ പ്രസ്താവിച്ച കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തിയതിനുശേഷം കെട്ടിട ഉടമ ടി കെട്ടിടത്തിന്റെ മൂന്നാം നില നിർമ്മിച്ച് കെട്ടിടത്തിന് നമ്പർ ഇടുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. എൽ.എസ്.ജി.ഡി.വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ 15.2.16ലെ എ2 -901/16 നമ്പർ കത്ത് പ്രകാരം ടെറസ്സ് ഫ്ളോറിന് നമ്പർ ലഭിക്കുന്നതിന് കെ.പി.ബി.ആർ. അനുശാസിക്കുന്ന വിധം പ്ലാൻ തയ്യാറാക്കി ഓൺ ലൈനായി അപേക്ഷ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് എന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. 30.12.16ൽ പഞ്ചായത്തധികാരികളുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ മൂന്നാം നില പണി പൂർത്തീകരിച്ചിട്ടുള്ളതായും, ഇതിൽ രണ്ട് മുറികൾ എയർ കണ്ടീഷൻ ചെയ്ത് ഉപയോഗിക്കുന്നതായും കണ്ടെത്തി. കെട്ടിട ഉടമ നികുതി നിർണ്ണയത്തിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ അനധികൃത നിർമ്മാണം എന്ന രീതിയിൽ നടപടികൾ സ്വീകരിക്കാതിരുന്നത് ക്രമപ്രകാരമല്ല. അടിയന്തിരമായി അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗം അനധികൃത കെട്ടിട നിർമ്മാണം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ലഭ്യമാക്കി പരിശോധിച്ച് റഗുലറൈസ് ചെയ്യാൻ സാധിക്കാത്ത പക്ഷം അനധികൃത നിർമ്മാണം പൊളിച്ചുനീക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3-1 തൊഴിൽ നികുതി-സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. ഓഫീസ് മുണ്ടക്കയം | രണ്ട് അർദ്ധ വർഷങ്ങളും |
| 2 | മീനച്ചിൽ ഈസ്റ്റ് അർബൻ ബാങ്ക് (ഈവനിംഗ് ശാഖ) | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 3 | എസ്.ബി.റ്റി പുഞ്ചവയൽ ശാഖ | രണ്ടാം അർദ്ധ വർഷം |
| 4 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളും |
| 5 | ഐ.സി.ഐ.സി.ഐ ബാങ്ക് പൈങ്ങണ | ഒന്നാം അർദ്ധ വർഷം |
| 6 | ജിയോജിത്.ബി.എൻ.പി. സർവ്വീസസ് | രണ്ട് അർദ്ധ വർഷങ്ങളും |
| 7 | മണപ്പുറം ജനറൽ ഫിനാൻസിയേഴ്സ് | രണ്ടാം അർദ്ധ വർഷം |
| 8 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളും |
| 9 | മുത്തൂറ്റ് മെർക്കന്റയിൽ | രണ്ട് അർദ്ധ വർഷങ്ങളും |
| 10 | ന്യൂ ഇൻഡ്യ കോളേജ് | രണ്ടാം അർദ്ധ വർഷം |
| 11 | എം.ഇ.എസ്. പബ്ലിക് സ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |
| 12 | എസ്.എൻ. പബ്ലിക് സ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |
| 13 | ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധ വർഷങ്ങളും |
| 14 | കണ്ണിമല കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധ വർഷം |
| 15 | പുലിക്കുന്ന് ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം |
| 16 | പുഞ്ചവയൽ ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം |
| 17 | മിനി മുത്തൂറ്റ് നിധി | രണ്ടാം അർദ്ധ വർഷം |
| 18 | കെ.എസ്.ഇ.ബി. | രണ്ട് അർദ്ധ വർഷങ്ങളും |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 6ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3-2 <u>വിമുക്തഭടനെ തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കിയത്</u>

2015-16 സാമ്പത്തിക വർഷം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുണ്ടക്കയം ശാഖയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയപ്പോൾ ശ്രീ.കുര്യൻ പി.എം. (എച്ച്.ജി.എ) എന്ന ജീവനക്കാരനെ വിമുക്തഭടൻ എന്ന കാരണത്താൽ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് രണ്ട് അർദ്ധവർഷവും ഒഴിവാക്കിയതായി കാണുന്നു. തദ്ദശ

സ്വയംഭരണ വകുപ്പ് & സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ജി. ഒ (ആർ.ടി) 1016/ 72 തീയതി 1.6.72 പ്രകാരം സി.ആർ.പി.എഫ് ജവാൻമാരെ മാത്രമാണ് തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ടിയാളുടെ അർദ്ധ വർഷ വരുമാനം 1,25,000 രൂപയാണ്. തൊഴിൽ നികുതി ഈടാക്കാത്തതിനാൽ 2,500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-2ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 2500 രൂപ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3-3 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയപ്പോൾ അസിസ്റ്റന്റ് കമ്മീഷണർ ദേവസ്വം ബോർഡ്, ഗോകുലം ചിട്ടി ഫണ്ട് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-7ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത്

2015-16 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | സെൻട്രൽ എക്സൈസ് റേഞ്ച് ഓഫീസ് മുണ്ടക്കയം | രണ്ടാം അർദ്ധ വർഷം |
| 2 | റീജിയണൽ എ.ഐ. സെന്റർ | രണ്ട് അർദ്ധ വർഷങ്ങളും |
| 3 | ജിയോജിത്.ബി.എൻ.പി. സർവ്വീസസ് | രണ്ട് അർദ്ധ വർഷങ്ങളും |
| 4 | മണപ്പുറം ജനറൽ ഫിനാൻസിയേഴ്സ് | രണ്ടാം അർദ്ധ വർഷം |
| 5 | മുളമൂട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധ വർഷങ്ങളും |
| 6 | മുത്തൂറ്റ് മെർക്കന്റയിൽ | രണ്ടാം അർദ്ധ വർഷം |
| 7 | ന്യൂ ഇൻഡ്യ കോളേജ് | രണ്ടാം അർദ്ധ വർഷം |
| 8 | എം.ഇ.എസ്. പബ്ലിക് സ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |
| 9 | എസ്.എൻ. പബ്ലിക് സ്കൂൾ | രണ്ട് അർദ്ധ വർഷങ്ങളും |
| 10 | ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധ വർഷങ്ങളും |
| 11 | കണ്ണിമല കോ-ഓപ്പറേറ്റീവ് ബാങ്ക് പുഞ്ചവയൽ ശാഖ | രണ്ട് അർദ്ധ വർഷങ്ങളും |
| 12 | പുലിക്കുന്ന് ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 13 | പുഞ്ചവയൽ ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഗ്രാമീണ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-5ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3-5 തൊഴിൽ നികുതി കുറവായി ഈടാക്കിയത്

2015-16 സാമ്പത്തിക വർഷം ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുണ്ടക്കയം ശാഖയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിന് സ്ഥാപനം സമർപ്പിച്ച ലിസ്റ്റ് പ്രകാരം ശ്രീ.രാധാകൃഷ്ണൻ നമ്പൂതിരി കെ.കെ. അസിസ്റ്റന്റ് (റ്റി) എന്ന ജീവനക്കാരന്റെ അർദ്ധ വർഷ വരുമാനം 2,97,762 രൂപയാണ്. ഇതനുസരിച്ച് ഈടാക്കേണ്ട തൊഴിൽ നികുതി 1,250 രൂപ എന്ന് സ്ഥാപനം കണക്കാക്കി ലിസ്റ്റ് സമർപ്പിച്ചിരുന്നു. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 750 രൂപ മാത്രമാണ് (രസീത് നം.115002500046/27.2.16) ഈടാക്കിയത് എന്ന് കാണുന്നു. തൻമൂലം 500 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-3ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കി അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ലിസ്റ്റ് പ്രകാരം നികുതി ഈടാക്കാതെ നികുതി കുറവായി ഈടാക്കിയതിനാൽ കുറവായ 500 രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4-1 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്

2015-16 സാമ്പത്തിക വർഷം സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കുന്നതിനായി ഷോപ്പ് മാനേജർ, ബിവറേജസ് കോർപറേഷൻ (വിദേശ മദ്യ ചില്ലറ വിൽപന ശാല) 19.3.15 ൽ സമർപ്പിച്ച അപേക്ഷ പ്രകാരം സ്ഥാപനത്തിന്റെ ഒരു ദിവസത്തെ വിറ്റുവരവ് 7.5 ലക്ഷം രൂപയാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പട്ടിക ഒന്ന് പ്രകാരം ദിവസേന ഒരു ലക്ഷം രൂപയ്ക്ക് മേൽ വിറ്റുവരവ് ഉള്ള സ്ഥാപനത്തിൽ നിന്നും നാലായിരം രൂപ ഫീസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആയിരം രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. തൻമൂലം മൂവായിരം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 1ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4-2 മോട്ടോർ ഉപയോഗിക്കുന്നതിന്റെ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം ഡി& ഒ ട്രേഡ് ലൈസൻസ് അനുവദിച്ചപ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിന്റെ (എച്ച്. പി) അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ/ വ്യാപാരത്തിന്റെ വിവരം | അപേക്ഷ പ്രകാരം കുതിരശക്തി | ഈടാക്കിയ ഫീസ് | രസീത് നമ്പർ | അനുബന്ധ രേഖകൾ പ്രകാരം കുതിരശക്തി | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | എം.കെ.അഷ്റഫ്. മെറ്റൽ ക്രഷർ | 95 | 500 | 11502100687/20.4.15 | 123 HP | 2000 | 1500 |
| 2 | അലൻ സുരേഷ്, സർവ്വീസ് സ്റ്റേഷൻ | 10.5 | 100 | 11302103531/25.8.15 | nil | 200 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | | | 1600 |

മേൽ അപാകതയ്ക്ക് വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-4ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട സ്ഥാപന ഉടമകളിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4-3 ഡി&ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

2015-16 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാമായിരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 2015-16 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാമായിരുന്ന ഏതാനും സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ വിവരം | വ്യാപാരത്തിന്റെ സ്വഭാവം | സ്ഥാപന ഉടമ നൽകിയ അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ബിജു കെ.റ്റി. | മൈ കല്ല്യാൺ ജ്വവലേഴ്സ് | 5 |
| 2 | മാനേജിംഗ് ഡയറക്ടർ | മീനച്ചിൽ നീതി മെഡിക്കൽ സ്റ്റോർ | 3 |
| 3 | മാനേജിംഗ് ഡയറക്ടർ | മീനച്ചിൽ നീതി ഡയഗ്നോസ്റ്റിക് സെന്റർ | 3 |
| 4 | സ്റ്റീഫൻ ജോസഫ് | ഹോട്ടൽ അർമാണി | 9 |
| 5 | സൻജു ജെ. ചേർക്കോട്ട് | ഹോട്ടൽ ഹൈലാന്റ് എന്റർ പ്രൈസസ് | 6 |
| 6 | ഫിലിപ്പ് ജോസഫ് | ഹോട്ടൽ റോയൽ പാർക്ക് | 6 |
| 7 | ജോസ് തോമസ് | ഇടിമണ്ണിക്കൽ ജ്വവല്ലറി | 5 |
| 8 | സി.റ്റി.ജോർജ്ജ് | കുട്ടനാട് ട്രേഡിംഗ് കമ്പനി | 5 |
| 9 | ദിലീപ് കുമാർ | ടൗൺ ബേക്കറി | 10 |
| 10 | സണ്ണി ഫിലിപ്പ് | പോപ്പ്സൺ ട്രേഡ് സെന്റർ | 4 |
| 11 | സൂസമ്മ കോശി | കോശീസ് ഹോളോബ്രിക്സ് | 10 |
| 12 | കെ.എസ്. അലക്സാണ്ടർ | ഹൈറേഞ്ച് ഹോളോബ്രിക്സ് | 5 |
| 13 | ലൈലാ ലൗഷാദ് | വനിതാ കാന്റീൻ | 9 |
| 14 | എം.കെ.അഷ്റഫ് | ആംകോ ഗ്രാനൈറ്റ്സ് | 4 |

| | | | |
|---|---|---|---|
| 15 | മിനി സിറിയക് | ഹോട്ടൽ പ്രൈഡ് | 6 |
| 16 | മോളി ബേബി | ഡ്യൂറോട്രേഡ് ഇൻഡസ്ട്രീസ് | 8 |
| 17 | ടോണി കെ. നടയ്ക്കൽ | സെന്റ് ജോസഫ് ഇൻഡസ്ട്രീസ് | 8 |
| 18 | മിന്നി സെബാസ്റ്റ്യൻ | കേരള വുഡ് ഫർണിച്ചർ | 6 |
| 19 | ഡോ.സൂസൻ ജോർജ് | ഐ ക്ലിനിക് | 4 |
| 20 | ഡോ.ഷിഹാബുദ്ദീൻ വി.കെ. | ഡയഗ്നോസ്റ്റിക് സെന്റർ | 3 |
| 21 | വർഗീസ് മാത്യു | റോസ് മെഡിക്കൽ റിസേർച്ച് & ഡയഗ്നോസ്റ്റിക് സെന്റർ | 3 |

ടി സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ് ഈടാക്കേണ്ടതും, ലൈസൻസ് മേടുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കാവുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 ബസ് സ്റ്റാന്റ് ഫീസ് പിരിവ് ലേലനടപടികൾ അപാകതകൾ

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിൽ ബസുകളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഓരോ വർഷവും ലേലം നടത്തിയാണ് നൽകിവരുന്നത്. ഇതുപ്രകാരം 2015-16 സാമ്പത്തിക വർഷത്തേക്കുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം 26.03.15 ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തിയ ലേലത്തിൽ ശ്രീ.സോണി കുര്യൻ എന്നയാൾക്ക് ബസ്സ് ഒന്നിന് 10 രൂപ നിരക്കിൽ 4,50,000 രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. 22.03.16 ൽ പഞ്ചായത്ത് ഓഫീസിൽ വച്ച് നടത്തിയ 2016-17 വർഷത്തേക്കുള്ള ലേലത്തിൽ ശ്രീ.ബിജുതോമസ്, മോളോപറമ്പിൽ എന്നയാൾക്ക് ബസ്സ് ഒന്നിന് 10 രൂപ നിരക്കിൽ 4,51,000 രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരു സാമ്പത്തിക വർഷം ബസ്സുകളിൽ നിന്നുള്ള ഫീസ് ഇനത്തിലുള്ള യഥാർത്ഥത്തിലുള്ള വരുമാനം തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലല്ല ലേല നടപടികൾ നടത്തുന്നത്.

2) 2014-15- ൽ 4,82,000 രൂപയ്ക്ക് ലേലം നടത്തിയ ബസ് സ്റ്റാന്റ് ലേലം 2015-16 - ൽ 4,50,000 രൂപയ്ക്കാണ് ലേലം നടത്തി നൽകിയത്. എന്നാൽ 2016-17-ൽ ബസ് സ്റ്റാന്റ് ലേലം നടത്തിയിട്ടുള്ളത് 4,51,000രൂപയ്ക്കാണ്. യഥാർത്ഥ വസ്തുതകൾ പരിശോധിച്ച് വസ്തുതാറിപ്പോർട്ട് തയ്യാറാക്കാതെയാണ് ഇത്തരത്തിൽ മുൻവർഷങ്ങളിൽ നിന്നും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നത്. ബസ്സ്റ്റാന്റിൽ ഒരു ദിവസം പ്രവേശിക്കുന്ന ബസ്സുകളുടെ ശരാശരി എണ്ണം തിട്ടപ്പെടുത്താവുന്നതാകയാൽ കരാറുകാരന് പ്രതിവർഷം ലഭിക്കുന്ന ഏകദേശ അറ്റാദായം (സാധാരണ ഗതിയിലുള്ള തടസ്സങ്ങൾ, ലാഭവിഹിതം എന്നിവ കിഴിച്ചത്) നിർണ്ണയിക്കാവുന്നതാണ്. എന്നാൽ ഇത് നിർണ്ണയിച്ചിട്ടില്ല. ഇപ്രകാരമുള്ള കണക്കാക്കലിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന ലേലതുക നിശ്ചയിക്കാതെയാണ് ലേല നടപടികൾ സ്വീകരിച്ചത്.

3) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലേക്ക് ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള ലേല നോട്ടീസിൽ ബസുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിനുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേല ഇനത്തിൽ ഉൾപ്പെടുത്തി ആയത് ലേലം ചെയ്ത് നൽകിയിട്ടില്ല. എന്നാൽ പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബസുകളുടെ സമയവിവരം അനൗൺസ് ചെയ്ത് ആയതിനുള്ള ഫീസ് ഉൾപ്പടെ ആകെ 30 രൂപ ഫീസ് പിരിക്കുന്നതായി ഫീസ് പിരിവ് നടത്തുന്നയാൾ ബോധിപ്പിച്ചു. ആയത് ബസ്സ് ജീവനക്കാരും ബോധിപ്പിച്ചിട്ടുണ്ട്.

5) ഫീസ് പിരിക്കുന്നതിന് പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് സീൽ ചെയ്ത് നൽകിയിട്ടില്ല എന്നുമാത്രമല്ല ബസ്സ് ഉടമകൾക്ക് രസീത് നൽകുന്നുമില്ല. ലേലം നടത്തി നൽകാത്ത ഇനത്തിന് ഫീസ് പിരിക്കുന്നതും, രസീത് നൽകാതെ

ഫീസ് പിരിക്കുന്നതും, ലേലം ചെയ്ത് നൽകിയതിലും കൂടുതൽ ഫീസ് പിരിക്കുന്നതും അംഗീകരിക്കാവുന്നതല്ല.

നിലവിൽ ലേലം പിടിച്ച കരാറുകാരൻ പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യത്തിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഒരു ദിവസം ബസ്സ്റ്റാന്റിൽ 150 ബസ്സുകൾ പ്രവേശിക്കുന്നുണ്ട്. നിലവിൽ ബസ്സൊന്നിന് 30 രൂപ നിരക്കിലാണ് ഫീസ് പിരിക്കുന്നത്. ഇതനുസരിച്ച് ഒരു ദിവസത്തെ വരവ് 4,500 രൂപയും, ഒരു വർഷത്തെ വരവ് 16,42,500 രൂപയുമാണ്. തൻ വർഷത്തെ ലേല തുക 4,51,000 രൂപയുമാണ്. ഇതിൽ നിന്നും കരാറുകാരന് വൻ ലാഭം ലഭിക്കുന്നതായി മനസ്സിലാക്കാം.

മേൽ പ്രസ്താവിച്ച വിഷയങ്ങൾക്കുള്ള വിശദീകരണം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-8ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ലേലം നടത്തി നൽകാത്ത ഇനത്തിന് ഫീസ് പിരിക്കുന്നതും, രസീത് നൽകാതെ ഫീസ് പിരിക്കുന്നതും, ലേലം ചെയ്ത് നൽകിയതിലും കൂടുതൽ ഫീസ് പിരിക്കുന്നതും അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉയർന്ന തുകയ്ക്ക് ലേലം വിളിക്കുന്നതിന് സാധിക്കാത്ത പക്ഷം പഞ്ചായത്ത് നേരിട്ട് ഫീസ് പിരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 സംബന്ധിച്ച്

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2011 പബ്ലിഷ് ചെയ്ത് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ്. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർക്ക് പ്ലാസ്റ്റിക് ക്യാരിബാഗുകൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം നൽകേണ്ടതാണ്. മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം- 9ന് ലഭ്യമാക്കിയ മറുപടിയിൽ ഇതുവരെ നടപടികൾസ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച നിയമം നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല

ഫ്രണ്ട് ഓഫീസിലേക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും ചുവടെ വിവരിക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും 3,99,040/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ഇനം | തുക | ചെലവ് വിവരം |
|---|---|---|
| സ്കാനർ | 29000/- | കെൽട്രോണിന് നൽകിയത് |
| ടച്ച് സ്ക്രീൻ | 133600/- | " " |
| ടോക്കൺ ഡിസ്പ്ലേ | 10345/- | " " |
| ടോക്കൺ ഡിസ്പെൻസർ | 28595/- | " " |
| എൽ.ഇ.ഡി.റ്റി.വി. | 57450/- | കണ്ടത്തിൻചിറയിൽ ഏജൻസീസ്, വൈക്കം |

| | | |
|---|---|---|
| വാട്ടർ കൂളർ | 61850/- | " " |
| ടെല്ലർ മെഷീൻ | 18500/- | " " |
| ഇന്റർകോം | 59700/- | " " |
| ആകെ | 399040/- | " " |

എന്നാൽ നാളിതുവരെയായി പ്രസ്തുത മെഷീനുകൾ പുതിയ ഓഫീസിൽ നാളിതുവരെയായി സ്ഥാപിച്ചിട്ടില്ലെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ചെലവ് തുക 3,99,040/- തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ സ്ഥാപിച്ച് തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 റോഡ് ടാറിംഗ് പ്രവൃത്തികൾ-ബാരൽ വില തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില(250+12.5%VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ബാരൽ വില ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രോജക്ട് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ | ബാരലിന്റെ വില @ 281/- |
|---|---|---|---|
| 1 | 114/16 മാർത്തോമ്മാപള്ളി-കോൺവെന്റ് റോഡ് റീടാറിങ്ങ് | 713.33Kg-5ബാരൽ | 1405 |
| 2 | 96/16 ചെറുമല അമ്പലംറോഡ് റീടാറിങ്ങ് | 674.75Kg-5ബാരൽ | 1405 |
| 3 | 206/16പഞ്ചായത്ത് ബസ് സ്റ്റാൻഡ് റീടാറിംഗ് | 1543.47Kg-10ബാരൽ | 2810 |
| 4 | 54/16 പള്ളിപ്പടി-മഞ്ഞളരുവി റോഡ് റീടാറിംഗ് | 2295.45Kg-15ബാരൽ | 4215 |
| 5 | 156/16 നെൻമേനി-പറത്താനം ലിങ്ക് റോഡ് റീടാറിംഗ് | 2072.16Kg-14ബാരൽ | 3934 |
| 6 | 115/16 തലനാട് പുളിക്കൽകവല പശ്ചിമ ടോപ്പ് റോഡ് റീടാറിംഗ് | 1960.85Kg--13ബാരൽ | 3653 |
| 7 | 307/16 വണ്ടൻപതാൽ-ബത്‌ലഹേം ആശ്രമം റോഡ് | 1328.81Kg-9ബാരൽ | 2529 |

| | | | |
|---|---|---|---|
| 8 | 144/16 മുരിക്കുംവയൽ -പത്തുകളം റോഡ് റീടാറിംഗ് | 1200.93Kg-8ബാരൽ | 2248 |
| 9 | 82/16 കല്ലേക്കുളം റോഡ് റീടാറിംഗ് | 693.29Kg-5ബാരൽ | 1405 |
| 10 | 165/16അമരാവതി ആനിക്കുന്ന് പുഞ്ചവയൽ റോഡ് റീടാറിംഗ് | 2174.22Kg-14ബാരൽ | 3934 |
| 11 | 60/16 പുലിക്കുന്ന്-കുളമാക്കൽ പുഞ്ചവയൽ റോഡ് റീടാറിംഗ് | 1581.40Kg-10ബാരൽ | 2810 |
| 12 | 46/16 മഠം സ്കൂൾ റോഡ് റീടാറിംഗ് | 890.66Kg-6ബാരൽ | 1686 |
| 13 | 166/16വേലനിലം Cv റോഡ് റീടാറിംഗ് | 2186.4Kg-14ബാരൽ | 3934 |
| 14 | 147/16വേങ്ങക്കുന്ന് പെരുംചുഴി റോഡ് റീടാറിംഗ് | 1858.77Kg-12ബാരൽ | 3372 |
| 15 | 145/16 പുത്തൻചന്ത-പഴയമുണ്ടക്കയം റോഡ് റീടാറിംഗ് | 1796.34Kg-12ബാരൽ | 3372 |
| 16 | 151/16മൂന്നോലി-504 ബൈപാസ് റോഡ് റീടാറിംഗ് | 1744.57Kg-11ബാരൽ | 3091 |
| ആകെ ഈടാക്കേണ്ട തുക | | | 45803 |

ഈടാക്കുവാനുള്ള ബാരൽവില ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസിൽ ടോയ്‌ലറ്റ് നിർമ്മാണം - 71056/-രൂപയുടെ പാഴ് ചെലവ്

| | |
|---|---|
| പ്രോ.നം | 279/15-16 |
| അടങ്കൽ | 50,000(13th CFC)<br>50,000/-(തനത് വിഹിതം)<br>---------------<br>1,00,000 |

| | |
|---|---|
| ചെലവ് | 50,000/-(13th CFC) DDNo225961/10-4-15<br>16364/-(തനത് വിഹിതം)DD 226668/<br>16-7-15<br>------------<br>71,056/- |
| കൺവീനർ | ഷിജ്ജ പി.കെ., പുതിയേടത്ത് |
| എം.ബുക്ക് നം | 749/14-15 |
| കരാർ നം | 140/AE/14-15 dtd 16.03.15 |

2014-15 വർഷം 295/15 നമ്പരായി തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റ് പ്രകാരം പഴയപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകളിലുള്ള ടെറസ്സിൽ ടോയ്‌ലറ്റിന് വാട്ടർ ക്ലോസറ്റ്(2എണ്ണം), വാഷ് ബേസിൻ(2എണ്ണം), PVC sintex septic tank എന്നിവ ഫിറ്റ് ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രണ്ട് ടോയ്‌ലറ്റുകളും നിലവിൽ ഉപയോഗശൂന്യമായി കാണുന്നു. വാട്ടർ കണക്ഷൻ വിഛേദിച്ച നിലയിലാണ്. ടോയ്‌ലറ്റ് ഉപയോഗിക്കുമ്പോൾ താഴത്തെ നിലകളിലുള്ള മുറികളിൽ വെള്ളം ഇറങ്ങുന്നത് മൂലം ഉപയോഗിക്കുന്നില്ലായെന്ന് അറിയിച്ചിരുന്നു. AE സൈറ്റ് പരിശോധിച്ച് സാങ്കേതികക്ഷമത ഉറപ്പുവരുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയത്.
2. ഗുണഭോക്തൃസമിതി വാട്ടർ ക്ലോസറ്റ്, വാഷ്ബേസിൻ, സെപ്റ്റിക് ടാങ്ക്, പിവിസി പൈപ്പുകൾ എന്നിവ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല.
3. ഗുണഭോക്തൃസമിതി വരവ് ചെലവ് കണക്കുകൾ പാസ്സാക്കുകയോ മോണിറ്ററിങ്ങ് റിപ്പോർട്ട് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

മേൽപറഞ്ഞ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 16/15-16) നൽകിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസ് വിപുലീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്ന സാഹചര്യത്തിൽ അടിയന്തിരമായി സ്ഥാപിക്കേണ്ടതായി വന്നത് മൂലമാണ് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാവാനിടയായത് എന്ന് അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പൊതു ടോയ്‌ലറ്റ് ഇല്ലാത്തതാണ്. താഴത്തെനിലകളിൽ ടോയ്‌ലറ്റിന് സൗകര്യം ഒരുക്കിയിരുന്നുവെങ്കിൽ പൊതുജനങ്ങൾക്ക് കൂടി ഉപയോഗപ്രദമാകുകയും താഴെനിലകളിലേക്ക് വെള്ളം ഇറങ്ങുന്ന സാഹചര്യം ഒഴിവാകുകയും ചെയ്യുമായിരുന്നു. നിലവിൽ രണ്ട് ടോയ്‌ലറ്റുകളും സെപ്റ്റിക് ടാങ്കും ഉപയോഗശൂന്യമായത് മൂലം 71,056/- രൂപ പാഴ് ചെലവായി മാറിയിട്ടുണ്ട്. ചോർച്ചയുള്ള ടെറസ്സിന് മുകളിൽ ടോയ്‌ലറ്റ് സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ശശികല പി.ആർ. വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത ടോയ്‌ലറ്റും സെപ്റ്റിക് ടാങ്കും മാറ്റി സ്ഥാപിച്ച് ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വാങ്ങിയ സാമഗ്രികളുടെ ബില്ല്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 71,056/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 അങ്കണവാടി കെട്ടിടനിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോ.നം | 255/15-16 |
| അടങ്കൽ | 1,50,000(വികസനഫണ്ട്)<br>3,00,000/-(ബ്ലോക്ക് വിഹിതം) |

| | |
|---|---|
| | ---------------<br>4,50,000 |
| ചെലവ് | 1,48,952/-(വികസനഫണ്ട്)<br>3,00,000/-(ബ്ലോക്ക് വിഹിതം)<br>------------<br>4,48,952/- |
| കൺവീനർ | സിന്ധു വി.എസ്., പ്ലാപ്പറമ്പിൽ |
| എംബുക്ക് നം | 897/14-15 |
| കരാർ നം | 102/AE/14-15 dtd 8.01.15 |

4-ാം വാർഡിൽ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ദീപക് അലക്സ്, ചേരിക്കൽ എന്നയാൾ സൗജന്യമായി സ്ഥലം വിട്ടുനൽകിയതായി കാണുന്നു. ടാർ റോഡിൽ നിന്നും 4m താഴ്ചയിൽ കിടക്കുന്ന സ്ഥലത്ത് ആറിന്റെ ലെവലിൽ വാനമെടുത്ത് കോളം കെട്ടി ഉയർത്തി റോഡ് ലെവലിൽ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. നദിയിലെ വെള്ളത്തിന്റെ ഒഴുക്കിനെ ചെറുക്കുന്നതിനായി കോളത്തെ തമ്മിൽ ബന്ധിപ്പിച്ച് RCC retaining wall നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അങ്കണവാടി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം CDPO, ICDS സൂപ്പർവൈസർ എന്നിവർ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിരുന്നില്ല.
2. അങ്കണവാടി നിർമ്മിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിലാക്കി പോക്കുവരവ് നടത്തി മുതൽക്കൂട്ടിയിട്ടില്ല.
3. ജി.ഒ (എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രോനം 255/16 പ്രകാരം 4നം അങ്കണവാടി നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കോളം കെട്ടി ഉയർത്തുന്നതും സംരക്ഷണഭിത്തി കെട്ടലും മാത്രമായി ഉൾപ്പെടുത്തി.
4. കെട്ടിടത്തിന്റെ പകുതിയിലേറെ ആറ്റിലേക്ക് തള്ളി നിൽക്കുന്നതിനാൽ കുട്ടികൾക്ക് സുരക്ഷിതമായ സാഹചര്യം ഒരുക്കുന്നതിന് വളരെയധികം തുക ഇനിയും ആവശ്യമാണ്. സ്ഥലം മണ്ണിട്ട് ഉയർത്തി ചുറ്റുമതിൽ നിർമ്മിക്കേണ്ടതുണ്ട്. അങ്കണവാടിക്ക് അടുക്കള നിർമ്മിക്കാനുദ്ദേശിക്കുന്ന സെല്ലാറിൽ മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണിക്കും സാദ്ധ്യതയുണ്ട്.
5. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 8.3.13 ലെ 1349/ഡിഎ1/2013/തസ്വഭവ നം. സർക്കുലർ പ്രകാരം പുഴയുടെ തീരങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ അതി സൂക്ഷ്മമായി ചെയ്യേണ്ടതാണെന്നും പുഴകൾ ഉൾപ്പടെയുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് നിയമാനുസൃതബാദ്ധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസ്രോതസ്സുകളുടെ തീരങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ടവരുടെ അനുമതി മുൻകൂട്ടി വാങ്ങേണ്ടതാണെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അനുമതി വാങ്ങിയിട്ടുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഒരുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാലും കെട്ടിടം പണിപൂർത്തീകരിക്കാത്തതിനാലും ഈയിനത്തിൽ ചെലവഴിച്ച 4,48,952രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റവന്യൂ അധികാരികളിൽ നിന്നും അനുമതി വാങ്ങി ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കി കെട്ടിടം പണി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിലാക്കി പോക്കുവരവ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

039/15-16 നമ്പരായി ജില്ല ആസൂത്രണ സമിതി അംഗീകാരം നൽകിയ പാലിയേറ്റീവ് കെയർ പദ്ധതിക്കായി വികസനഫണ്ടിൽനിന്ന് 3,50,000/രൂപയും ബ്ലോക്ക് വിഹിതം 1,15,000/രൂപയുമുൾപ്പെടെ ആകെ 4,65,000/രൂപ വകയിരുത്തുകയും 4,07,118/രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ പാലിയേറ്റീവ് പരിചരണം സംബന്ധിച്ച സർക്കാർ നിർദ്ദേശത്തിൻെറ ലംഘനം ശ്രദ്ധയിൽപെട്ടു. ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ. തീയതി 29.10.15 നമ്പരായുള്ള പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നിർവ്വഹിച്ചത്. ടി ഉത്തരവിൻെറ ഖ.2.3 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും 14 അംഗങ്ങൾ ഉൾപ്പെടുന്ന പലിയേറ്റീവ് മാനേജ്മെൻറ് കമ്മറ്റിയും ഖ 2.4 പ്രകാരം പാലിയേറ്റീവ് കെയർ പ്രർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടു പോകുന്നതിനു പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫിസർ കൺവീനറും ആയി 9 അംഗ പാലിയേറ്റീവ് ഇംപ്ലിമെന്റ് കമ്മറ്റിയും രൂപീകരിക്കപ്പെട്ട് പ്രർത്തിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി രണ്ടാമത് പരാമർശിക്കപ്പെട്ട കമ്മറ്റി എല്ലാമാസവും 5-ാം തീയതിക്കു മുൻപായി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വരവു ചെലവു കണക്കുകൾ പരിശോധിയ്ക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികൾ പ്രവർത്തിക്കുന്നതിൻെറ യാതൊരു രേഖകളുമില്ല. തൻനിമിത്തം സർക്കാർ നിർദ്ദേശം ലംഘിച്ച് തുക ചെലവിട്ട സാഹചര്യം സംജാതമായി. ഉദാഹരണത്തിന് പദ്ധതി ചെലവിൻെറ ഭാഗമായി 1.04.15 മുതൽ 29.02.16 വരെയുള്ള കാലയളവിലെ പാലിയേറ്റീവ് കെയർ ഭവന സന്ദർശനത്തിൽ വാഹന കൂലി, ഭക്ഷണം എന്നീ ഇനങ്ങളിലെ ചെലവ് സർക്കാർ മാർഗനിർദ്ദേശത്തിലെ നിരക്കിൽ അധികരിച്ചാണ് ചെയ്തിട്ടുള്ളത്. ടി മാർഗനിർദ്ദേശപ്രകാരം വാഹനവാടക, ഭക്ഷണചിലവ് ഇനങ്ങളിൽ ചെലവഴിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കും പ്രകാരമാണ്.

| | | | | |
|---|---|---|---|---|
| ഓടുന്ന ദൂരം(UP & DOWN) | 15-24 | 25-34 | 35-44 | 45-54 |
| പരമാവധി തുക | 800 | 900 | 1000 | 1100 |

കൂടാതെ 1500 സി.സി താഴെയുള്ള മോട്ടോർ കാറിന് മണിക്കൂറിന് 50 രൂപ പ്രകാരം വെയിറ്റിംഗ് ചാർജ്ജും കൊടുക്കാം. എന്നാൽ ടി ഉത്തരവ് പ്രകാരം ഭക്ഷണത്തിന് പകമാവധി ചെലവഴിക്കാവുന്ന തുക ഒരു ദിവസം 180/- രൂപയുമാണ്. 31.10.2015 മുതൽ 29.2.2016 വരെയുള്ള കാലത്തെ ഭക്ഷണചെലവ് പ്രതിദിനം 200/രൂപയിലധികമായിരുന്നു. വാഹന വാടകയാകട്ടെ എല്ലാദിവസവും 1000/രൂപ വീതവും.

മാർഗ്ഗരേഖയിലെ 2.3.2 മുതൽ 6.3 വരെയുള്ള ഖണ്ഡികകളിലെ നിർദ്ദേശ പ്രകാരം പാലിയേറ്റീവ് പരിചരണപ്രോജക്ടുമായി ബന്ധപ്പെട്ട് 33 രജിസ്റ്ററുകൾ സൂക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ പാലിയേറ്റീവ് ഹോംകെയർ റിപ്പോർട്ടും, മെഡിക്കൽ എക്യുപ്മെൻസിന്റെ സ്റ്റോക്ക് രജിസ്റ്ററും ഒഴികെ യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല. തിരികെ ലഭിക്കുന്ന മെഡിക്കൽ എക്യുപ്മെൻസിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. JPHN,JHI റാങ്കിലുള്ള ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥന്റെ മേൽനോട്ടവും പ്രാർത്തികമാകുന്നില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ആകെ ചെലവഴിച്ച 407118 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (വികസനഫണ്ട് 3,35,050/- ബ്ലോക്ക് വിഹിതം 72,068/-)

## 3-6 ഹോമിയോ ആശുപത്രി-മരുന്ന് ലഭ്യമായില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി റോഡിതര മെയിന്റനൻസ് ഫണ്ടിൽനിന്ന് 3 ലക്ഷം രൂപ ഡി.ഡി.നം228101/2.3.2016 ആയി പാതിരപ്പള്ളി, കെ.എസ്.എച്ച്.സി.പി ലിമിറ്റഡ് ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

മരുന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 നികുതി കോംബൗണ്ട് ചെയ്യൽ- നിർദ്ദിഷ്ട ഫോമിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

2003 ലെ കേരളാ വാല്യൂ ആഡഡ് ടാക്സ് ആക്ട് വകുപ്പ് 10 പ്രകാരം എല്ലാ കരാർ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും വാറ്റ് നികുതി കുറവ് ചെയ്യുന്നതിനായി കരാറുകാർ കോംബൗണ്ട് ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ട സാഹചര്യത്തിൽ form 1EE യിലുള്ള സർട്ടിഫിക്കറ്റിനെ ആധാരമാക്കിയായിരിക്കണം നികുതി കുറവ് ചെയ്യേണ്ടത് എന്നും നിർദ്ദിഷ്ട ഫോമില്ലാത്ത പക്ഷം ഉയർന്ന നിരക്കിലുള്ള വാറ്റ് ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വർക്ക് ബില്ലുകളിൽ നിന്നും form1E യിലുള്ള സർട്ടിഫിക്കറ്റിനെ ആധാരമാക്കിയാണ് നികുതി കുറവ് ചെയ്യുന്നത്. നിശ്ചിത ഫോമിലുള്ള കോംബൗണ്ട് ചെയ്ത സർട്ടിഫിക്കറ്റ്, ലയബിലിറ്റ് സർട്ടിഫിക്കറ്റ് എന്നിവയെ അടിസ്ഥാനമാക്കി നികുതി കുറവ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി - വികസന ഫണ്ട് വിഹിതം അക്കൗണ്ടിൽ അവശേഷിക്കുന്നു

അഗതികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടു 2014 മുതൽ നടപ്പിലാക്കിയ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 15-16 വർഷം 4,23,800 രൂപ സി.ഡി.എസ്. ന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. യൂണിയൻ ബാങ്ക് മുണ്ടക്കയത്ത് ടി പദ്ധതിക്കായുള്ള അക്കൗണ്ടിൽ 26.10.16 ൽ 38,12,929 രൂപ (പലിശ ഉൾപ്പെടെ) ബാലൻസ് ഉണ്ട്. ടി പദ്ധതിക്കായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| | വികസനഫണ്ട് | | |
| 12.12.14 | 650500 | 1350000(സ്ഥലം) | |
| 20.4.15 | 506500 | 1240000(വീട്) | |
| 21.7.15 | 813500 | 5500(സാനിട്ടേഷൻ) | |
| 20.1.16 | 3402500 | | |
| ആകെ | 5373000 | 2595500 | 2777500 |
| | ചലഞ്ച്ഫണ്ട് | | |
| 22.9.15 | 519274 | 284061(ഭക്ഷണം) | |
| | | 28182(വിദ്യാഭ്യാസം) | |
| | | 312243 | 207031 |

ആശ്രയ എസ്.ടി.വിഭാഗം

| | | | |
|---|---|---|---|
| വികസനഫണ്ട് | | | |
| 12.12.14 | 700000 | 233734 | 466266 |
| ചലഞ്ച്ഫണ്ട് | | | |
| 12.7.16 | 171128 | 29186 | 141942 |

വിജയമ്മ, പേരുശ്ശേരിൽ, പങ്കജാക്ഷി, എക്കുളം, സോളി വർഗ്ഗീസ്, പാറയ്ക്കൽ എന്നീ 3 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 1,80,000 രൂപ വീതം നല്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വാല്യുവേഷൻ എടുത്തിട്ടില്ലാത്തതിനാൽ ബാക്കി തുക നാളിതു വരെ നല്കിയിട്ടില്ല. ആയതിനാൽ ടി ഗുണഭോക്താക്കൾക്ക് നല്കാനവശേഷിക്കുന്ന തുക നല്കുവാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ബാലൻസ് നില്ക്കുന്ന തുക വിനിയോഗിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

ആശ്രയ പദ്ധതി -ഒന്നാം ഘട്ടപദ്ധതി

60 ഗുണഭോക്താക്കൾക്കായി 2003ൽ ആരംഭിച്ച ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ നിലവിൽ ഗുണഭോക്താക്കൾക്ക് ഭക്ഷണം മാത്രമേ നല്കുന്നുള്ളൂ. ടി പദ്ധതിക്കായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ലഭിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| വികസന ഫണ്ട് | 1918357 | 1111077 | 807280 |
| ചലഞ്ച് ഫണ്ട് | 938000 | 525695 | 412305 |

ഒന്നാം ഘട്ടത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 4.10.16 ൽ 17,48,280 രൂപ ബാലൻസ് ഉണ്ട്. ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ തുടർ ആവശ്യങ്ങൾ കണ്ടെത്താനും അനർഹരായവരെ ഒഴിവാക്കുന്നതിനുമായി സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും തുടർ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തുടർ പ്രോജക്ട് അടിയന്തിരമായി തയ്യാറാക്കി അംഗീകാരം വാങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നല്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-9 ഇ.എം.എസ് ഭവനപദ്ധതി-വീടുകൾ പൂർത്തിയാക്കാത്തത്

ഇ.എം.എസ് ഭവനപദ്ധതിയിലൂടെ പല ഗഡുക്കളായി തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | അവസാന ഗഡുവിന്റെ വിവരം |
|---|---|---|---|
| 1 | അംബി, ചെമ്മരപ്പള്ളിയിൽ | 90,000 | 20000/19.11.10 |
| 2 | വർഗീസ് കെ.ഒ., കുമ്പളംകുന്നേൽ | 52,500 | 30000/1.1.11 |
| 3 | മിനി തോമസ്, വാലിയ്ക്കൽ | 67,500 | 15000/28.1.11 |
| 4 | പുരുഷോത്തമൻ, ഉദയംകണ്ടത്തിൽ | 22,500 | 22500/13.9.10 |
| 5 | രാമചന്ദ്രൻ, പുതുപ്പറമ്പിൽ | 67,500 | 15000/18.4.13 |
| 6 | ജോണ് തോമസ്, തറയശ്ശേരിൽ | 52,500 | 30000/29.8.10 |
| 7 | ഷാനി രവീന്ദ്രൻ, തൊണ്ടിപ്പറമ്പിൽ | 67,500 | 15000/22.3.12 |
| 8 | മിനി മനോജ്, പുതുവത്തൊട്ടിയിൽ | 67,500 | 15000/22.2.12 |
| 9 | വത്സമ്മ ജോസഫ്, മാളിയേക്കൽ | 67,500 | 15000/12.1.15 |
| 10 | ദാമോദരൻ, അടയ്ക്കാത്തോട്ടത്തിൽ | 22,500 | 22500/11.1.12 |
| 11 | സുരേഷ് പി.എസ്., പാറയിൽപുരയിടം | 22,500 | 22500/15.2.12 |
| 12 | ലിസ്സി, ചെരിക്കലേത്ത് | 67,500 | 15000/9.5.12 |
| 13 | ഓമന ചാക്കോ, മുള്ളൻമടക്കേൽ | 67,500 | 15000/31.7.12 |
| 14 | രഘു, മാക്കതൈക്കേതിൽ | 52,500 | 30000/13.6.12 |
| 15 | കെ.എസ്.ഗോപിനാഥൻ, കല്ലാനിയിൽ | 52,500 | 30000/6.7.12 |
| 16 | ആർ.ബിജു, ചക്കനാനിയിൽ | 22,500 | 22500/31.3.12 |

ടി ആളുകൾ വീട്പണി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-10 പദ്ധതി മോണിറ്ററിങ്ങ് -കാര്യക്ഷമമാകുന്നില്ല

12-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതിനിർവ്വഹണത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് ശക്തമായ മോണിറ്ററിങ്ങ് സംവിധാനം ആവശ്യമാണ്. ഓരോ പ്രോജക്ടുകളുടെയും മോണിറ്ററിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മോണിറ്ററിങ്ങ് സംവിധാനം തീരെ ഫലപ്രദമാകുന്നില്ലായെന്ന് കാണുന്നു. വിവിധ പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കി സൂക്ഷിക്കുന്നില്ല. പദ്ധതി മോണിറ്ററിങ്ങ് കാര്യക്ഷമമാക്കേണ്ടതും അതിനായി വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2015-16 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2015-16 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 230 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. 190 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2015-16 വർഷം 95983 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2111 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. SC, ST, IAY, BPL തുടങ്ങിയ കുടുംബങ്ങളിലെ ഭൂവികസന പ്രവൃത്തികൾ, IAY, പട്ടിക ജാതി പട്ടിക വർഗ്ഗ ഡിപ്പാർട്ട്മെന്റ് എന്നിവടങ്ങളിൽ നിന്നുള്ള വീടുകളുടെ അവിദഗ്ധ തൊഴിൽ ഘടകം, ഇടക്കയ്യാല നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൻവർഷത്തെ വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 1,54,16,538(EFMS ഉൾപ്പെടെ) |
| ആകെ | 1,54,16,538 |
| ചെലവ് | 1,54,16,351 |
| നീക്കിയിരിപ്പ് | 187 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,50,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2015-16 | 1,00,000 | ടി- | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2015-16 | 1,00,000 | പാലിയേറ്റിവ് കെയർ | 57,068 | 42,932 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുംപ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| | | ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | പേവിഷനിർമാർജനം | 21500367 | 2,00,000 | - | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഇ.എം.എസ് ഭവനവായ്പയിനത്തിൽ 15000/രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | 1078/10 തീ. 26.3.10 | 2,09,67,891 | 71,24,555 + 15,000 | 20,96,789 | - | 50,42,766 |
| ആർ.ഡി.ബി ലോൺ | 1588/10 തീ.13.5.10 | 42,64,248 | 23,45,340 | 4,26,424 | - | 19,18,916 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,58,58,846 |
| തൻവർഷം നിക്ഷേപിച്ച തുക | പലിശ-16,18,616 |
| ആകെ | 1,74,77,462 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,74,77,462 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം തുക | തുക |
|---|---|
| കണ്ണിമല എസ്.സി.ബി.(എഫ്.ഡി,1) | 9,92,842 |
| കണ്ണിമല എസ്.സി.ബി.(എഫ്.ഡി 2) | 9,96,300 |
| എസ്.ബി.റ്റി, പുഞ്ചവയൽ(F D.3) | 13,81,263 |
| എസ്.സി.ബി, മുണ്ടക്കയം(F D.4) | 13,19,167 |
| എസ്.ബി.റ്റി, പുഞ്ചവയൽ(F D.5) | 19,00,547 |
| കണ്ണിമല എസ്.സി.ബി(F D.6) | 6,57,250 |
| എസ്.സി.ബി, മുണ്ടക്കയം(F D.7) | 6,30,833 |
| എസ്.സി.ബി, ഇഞ്ചിയാനി(F D.8) | 12,95,000 |
| എസ്.ബി.റ്റി, മുണ്ടക്കയം(F D.9) | 12,69,183 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം(FD 10) | 13,08,066 |
| എസ്.ബി.റ്റി, പുഞ്ചവയൽ(FD 11) | 31,78,127 |

| | |
|---|---|
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,(F D 12) | 20,00,000 |
| എസ്.സി.ബി, ഇഞ്ചിയാനി(FD 13) | 5,48,884 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16625/ രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2005-06 | | 450 | ഷീല അനിൽകുമാർ, ചാമപ്പാറ | 115021-03204/5.8.15 |
| 2005-06 | | 50 | കെ.എസ്.ബിനോയി, കടമാൻകുന്നേൽ | 115021-03402/19.8.15 |
| 2005-06 | | 450 | മറിയാമ്മ എബ്രഹാം, കടമാൻകുന്നേൽ | 115021-03403/19.8.15 |
| 2005-06 | | 570 | ഡോ.എം.എസ്.ഷാജി, നിരമേൽ | 115021-03538/25.8.15 |
| 2005-06 | | 450 | രാജു സേവ്യർ, പുളിക്കൽ | 115021-03717/4.9.15 |
| 2005-06 | | 450 | പി.എച്ച്.നിസാർ, പേരമ്പ്രത്ത് | 115021-03718/4.9.15 |
| 2005-06 | | 450 | കെ.എസ്.അനിൽകുമാർ, കുറവൻപറമ്പിൽ | 115021-03719/4.9.15 |
| 2013-14 | | 670 | സജി, തൈപ്പറമ്പിൽ | 115021-05217/27.11.15 |
| 2013-14 | | 2570 | അബ്ദുൾ സലാം, പുത്തൻപുരയ്ക്കൽ | 115021-05218/27.11.15 |
| 2013-14 | | 1251 | കെ.സെൻകുമാർ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 115021-05221/27.11.15 |
| 2013-14 | | 2000 | സി.ജെ.സെബാസ്റ്റ്യൻ, ചേലാട്ട് | 115021-05249/28.11.15 |
| 2013-14 | | 500 | ജോജി സെബാസ്റ്റ്യൻ, പുളിക്കൽ | 115021-05454/8.12.15 |
| 2013-14 | | 3460 | എം.കെ.അഷറഫ്, ആംകോ ഗ്രാനൈറ്റ്സ് | 115021-05511/10.12.15 |
| 2013-14 | | 500 | ജയിംസ് ജോസഫ്, പുളിയ്ക്കൽ | 115021-05527/10.12.13 |
| 2013-14 | | 1904 | സുമ പി.ബി., പാറയ്ക്കത്തുണ്ടിയിൽ | 115021-07812/15.3.16 |
| 2013-14 | | 900 | ശേഖർ ജയകുമാർ, വടക്കേടത്തുപറമ്പിൽ | 115021-08052/17.3.16 |
| ആകെ | | 16625 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | iv-5-2-9(ബി) | അങ്കണവാടികൾക്ക് കെട്ടിടം പണിയൽ-ധനദുർവിനിയോഗം | നിയമസഭാസമിതി നിർദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക് നിർമിച്ച കെട്ടിടഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാൻ എൻജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | iv-29 (എ) | മലിനജല കനാൽവൃത്തിയാക്കൽ-വേലക്കൂലി നല്കൽ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമർശം | | 2011-12 | 3-1-23 | കാർഷികപദ്ധതികളും കൃഷിഭവനും -പ്രവർത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പു യോഗത്തിൽ സെക്രട്ടറി കൃഷിഓഫീസർ എന്നിവർ റിപ്പോർട്ട് നല്കി. |
| പൊതുപരാമർശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമർശം. | 27.5.15ലെ തെളിവെടുപ്പു യോഗത്തിൽ റിപ്പോർട്ടു നല്കി. |
| 2009-10,10-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ | 27.5.15 ലെ തെളിവെടുപ്പു യോഗത്തിൽ റിപ്പോർട്ട് നല്കി. |

| | | | | | |
|---|---|---|---|---|---|
| 2000-01 | 1എ,1ബി,2എ,2ബി | 2004-05 | 3-5-4(1) | മത്സ്യമാർക്കറ്റ് കെട്ടിടം പണിയിലെ അപാകത. | തുക തിരികെയൊടുക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നല്കി. |
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | Vii-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽനിന്ന് 40960 രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000,00-01,01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | എം.ബുക്ക്, ഫയൽ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |
| 98-99(ചെലവ്) | 18(എ.എഫ്) | 2003-04 | 3-5-4 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കരാർ വ്യവസ്ഥയിൽ ചെയ്ത മരാമത്ത് പ്രവൃത്തികൾ | ബഹു.നിയമസഭാ സമിതിയുടെ നിർദേശാനുസരണം പരാമർശം ഒഴിവാക്കുന്നതിന് ലോ.ഫ.ഓഡിറ്റിന് 25.4.15ൽ അപേക്ഷ നല്കി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,77,66,536 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,62,73,029 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 35,172 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,26,166 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2-2 | 1,920 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 2-2-3 | 25,652 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 2-3-2 | 2,500 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 2-3-5 | 500 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 2-4-1 | 3,000 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 2-4-2 | 1,600 | | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| ആകെ | 35,172 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,99,040 | ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി |
| 3-3 | 71,056 | ശ്രീമതി ശശികല പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 4,48,952 | ശ്രീ.ഡി.അനിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 4,07,118 | ഡോ.ജയചന്ദ്രൻ കെ.സി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.സെൻകുമാർ, സെക്രട്ടറി | സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്, കാഞ്ഞിരപ്പള്ളി പി.ഒ. | ശ്രീ.കെ.സെൻകുമാർ, പാലപ്ര വീട്, പീരുമേട്-685531 |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97(വരവ്) | എൽ.എഫ്.കെ.പി 13/654(2)/അദാ/14 /23.12.14 | 1 |
| 97-98(വരവ്) | എൽ.എഫ്.കെ.പി 13/654(4)/അദാ./14 /23.12.14 | 1 |
| 97-98(ചെലവ്) | എൽ.എഫ്.കെ.പി.13/654(5)/അദാ./14 /23.12.14 | 19 |
| 98-99 .ടി | എൽ.എഫ്.കെ.പി8/284/03/15.12.03/8.3.04 | - |
| 98-99(വരവ്) | എൽ.എഫ്.കെ.പി.13/654(6)/അദാ.14 /23.12.14 | 2 |
| 99-2000 | എൽ.എഫ്.കെ.പി 8/1043/01/28.7.06 /8.8.06 | 76 |
| 00-01 | എൽ.എഫ്.കെ.പി. 9/1043/08/3.6.09 | 17 |
| 01-02 | എൽ.എഫ്.കെ.പി.9/1044/08/30.6.09 | - |
| 00-01&01-02 ജനകീയാസൂത്രണം | എൽ.എഫ്.കെ.പി..13/1111 /11/23.7.12 | 25 |
| 02-03(വരവ്) | എൽ.എഫ്.കെ.പി 9/1045/08/3.7.09 | 7 |
| 02-03(ചെലവ്) | എൽ.എഫ്.കെ.പി.9/63/06/5.11.09 | 16 |
| 03-04(വരവ്) | എൽ.എഫ്.കെ.പി9/1046/08/6.7.09/8.9.09 | 11 |
| 03-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/6.11.07/4.12.07 | 33 |
| 04-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 04-05(ചെലവ്) | എൽ.എഫ്.കെ.പി.1/190/അദാ./ഇ4/23.2.11 | 11 |
| 05-06 | എൽ.എഫ്.കെ.പി1/960/അദാ.എൽ.(3)/2011(6)/25.8.11 | 14 |
| 06-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 07-08 | എൽ.എഫ്.കെ.പി13/530/13/13.6.13 | - |
| 08-09 | എൽ.എഫ്.കെ.പി13/530(1)/13/15.6.13 | 11 |
| 09-10 | എൽ.എഫ്.കെ.പി.13/530(2)/13/15.6.13 | - |
| 10-11&11-12 | എൽ.എഫ്.കെ.പി 13/159/14/27.3.14 | - |

| | | |
|---|---|---|
| 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/1572 /14/10.8.15 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/1599 /2015/4.1.16/11.1.16 | 28 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/861 /16/27.6.16 | 35 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം.പി 13/4/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:10.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം